കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന് അനുവദിച്ച തുക

31 (2744) ശ്രീ. എൻ. സുന്ദരൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷകത്തൊഴിലാളി ക്ഷേമനിധിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 10 കോടി രൂപ അനുവദിക്കുന്നതായി 1999-2000 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതനുസരിച്ച് പ്രസ്തുത തുക ക്ഷേമനിധിബോർഡിന് നൽകിയോ ;

(ബി) തുക നൽകിയിട്ടില്ലെങ്കിൽ അതിന്റെ കാരണം വിശദമാക്കുമോ ;

(സി) ഇക്കൊല്ലം തന്നെ തുക നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) കർഷകത്തൊഴിലാളി ക്ഷേമനിധിയുടെ ഇനീഷ്യൽ കോർപ്പസ്സായി 10 കോടി രൂപ നൽകുമെന്നാണ് പ്രഖ്യാപിച്ചത്. ക്ഷേമനിധിയുടെ രൂപീകരണം സംബന്ധിച്ച നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ലാത്ത സാഹചര്യത്തിൽ പ്രഖ്യാപിച്ച പണം നൽകാനായിട്ടില്ല.

(സി) കർഷകത്തൊഴിലാളി ക്ഷേമനിധിയുടെ രൂപീകരണം സംബന്ധിച്ച നടപടിക്രമം പൂർത്തിയാകുന്ന മുറയ്ക്ക് നിധിയിലേക്കുള്ള സർക്കാർ വിഹിതം അനുവദിക്കുന്നതാണ്.

തടിയുടെമേൽ പർച്ചേസ് ടാക്സ്

32 (2745) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തടിയുടെമേൽ പർച്ചേഴ്സ് ടാക്സ് നിലവിലുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) പുതിയതായി തടിയുടെമേൽ പർച്ചേഴ്സ് ടാക്സ് ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ ; വിശദ വിവരം നൽകാമോ ;

(സി) പർച്ചേഴ്സ് ടാക്സ് ഏർപ്പെടുത്തിയാൽ തടിവ്യവസായം പ്രതിസന്ധിയിലാകുമെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ പർച്ചേഴ്സ് ടാക്സ് ഏർപ്പെടുത്താനുള്ള തീരുമാനം പിൻവലിക്കുമോ ;

(ഇ) റബ്ബർ, മറ്റ് പാഴ്മരങ്ങൾ എന്നിവ ഉപയോഗിച്ച് നടത്തുന്ന വ്യവസായങ്ങളുടെ ജനറൽ സെയിൽസ് ടാക്സ് നാലു ശതമാനമാക്കി നിജപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly